# വിശ്വാസപരിശീലനകേന്ദ്രം

1. **പ്രധാനാധ്യാപകരുടെ നിയമനം:** പ്രധാനാധ്യാപകരുടെ കാലാവധി മൂന്ന് വർഷമാണ്. മൂന്നു വർഷം കഴിഞ്ഞ് പുതിയ പ്രധാനാധ്യാപകനെ/ പ്രധാനാധ്യാപികയെ നിയമിക്കുകയും ആ വിവരം അതിരൂപതാകേന്ദ്രത്തെ അറിയിക്കുകയും ചെയ്യണം. ഏതെങ്കിലും പ്രത്യേകസാഹചര്യത്തിൽ മാത്രമാണ് മൂന്ന് വർഷം തികഞ്ഞെങ്കിലും കാലാവധി നീട്ടിക്കൊടുക്കുന്നത്. അപ്രകാരം ചെയ്യുന്നുണ്ടെങ്കിൽ വികാരിയച്ചന്റെ സാക്ഷിപത്രത്തോടുകൂടി അക്കാര്യം അതിരൂപതാകേന്ദ്രത്തെ അറിയിക്കണം. ആറ് വർഷത്തിലധികം ഒരാൾ പ്രധാനാധ്യാപകൻ/ പ്രധാനാധ്യാപികയായി തുടരാൻ അനുവദിക്കുകയില്ല (വചനദീപം 2025-2026 പേജ് 99-100).

2. **പുതിയ അധ്യാപകരുടെ നിയമനം:** പുതിയ അധ്യാപകരായി നിയമിക്കപ്പെടുന്നവർ അതിരൂപതാകേന്ദ്രം നടത്തുന്ന അടിസ്ഥാനപരിശീലനപരിപാടിയിൽ നിർബന്ധമായി പങ്കെടുക്കണം. വിശ്വാസപരിശീലനരംഗത്തെ എല്ലാ മേഖലകളിലും (കുട്ടികളോടോപ്പം വിശുദ്ധ കുർബാനയിലും, അതിരൂപത, ഫൊറോന, ഇടവക ക്രമീകരിക്കുന്ന എല്ലാ പ്രവർത്തനതലങ്ങളിലും) പൂർണ്ണമായി സഹകരിക്കാൻ സന്നദ്ധതയുള്ള അധ്യാപകരെ നിയമിക്കാൻ വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലൊ (വചനദീപം 2025-2026 പേജ് 99).

3. **ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ്:** ഒന്നാം വർഷ ഡിപ്ലോമ (Class XI) 2nd Session 2026 മെയ് 2, 3 (ശനി, ഞായർ) തീയതികളിലും, രണ്ടാം വർഷ ഡിപ്ലോമ (Class XII) 2nd Session 2026 മെയ് 16, 17 (ശനി, ഞായർ) തീയതികളിലും കലൂർ റിന്യൂവൽ സെന്ററിൽ നടത്തപ്പെടും. കോഴ്സിന്റെ അവസാന ദിവസം പരീക്ഷ ഉണ്ടാകും.

4. **Catechism Teachers Basic Orientation Course:** അതിരൂപതയിൽ വിശ്വാസപരിശീലന ശുശ്രൂഷയിൽ പങ്കാളികളാകുന്ന എല്ലാ അദ്ധ്യാപകരും അടിസ്ഥാനപരിശീലനം ലഭിച്ചവരാകണം. പുതിയതായി അദ്ധ്യാപനരംഗത്തേക്കു കടന്നുവരുന്നവരും ഇതുവരെ അതിരൂപത സംഘടിപ്പിച്ച അടിസ്ഥാന പരിശീലനക്ലാസ്സിൽ പങ്കെടുത്തിട്ടില്ലാത്തവരുമായവർ ഈ കോഴ്സിൽ പങ്കെടുക്കണം. മുഴുവൻ സമയവും പങ്കെടുത്താൽ മാത്രമേ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ. **2026 മെയ് 9, 10 തീയതികളിൽ Catechism Teachers Basic Orientation Course റിന്യൂവൽ സെന്ററിൽ Residential ആയി നടത്തപ്പെടുന്നു. പങ്കെടുക്കുന്ന അധ്യാപകരുടെ പേരുകൾ ഫൊറോന സെക്രട്ടറിമാരുടെ പക്കൽ 750 രൂപ ഫീസോടുകൂടി മുൻകൂട്ടി നൽകണം.**

5. **കാറ്റിക്കിസം ജനറൽ കൗൺസിലിന്റെയും പ്രധാനാധ്യാപകരുടെയും മീറ്റിങ്:** മെയ് 24-ാം തീയതി ഞായറാഴ്ച ജനറൽ കൗൺസിലിന്റെയും പ്രധാനാധ്യാപകരുടെയും മീറ്റിങ് രാവിലെ 10.00 am. മുതൽ 1.00 pm വരെ റിന്യൂവൽ സെന്ററിൽ നടത്തപ്പെടുന്നു.

6. **വിശ്വാസപരിശീലനവർഷം ഉദ്ഘാടനവും അവാർഡ് ദാനവും മെയ് 24 ഞായറാഴ്ച**: 2026-27 വിശ്വാസപരിശീലനവർഷം ഉദ്ഘാടനവും 2025-26 വിശ്വാസപരിശീലനവർഷത്തിൽ അതിരൂപതാതലത്തിൽ സമ്മാനാർഹരായവർക്കുള്ള സമ്മാനദാനവും ഉച്ചകഴിഞ്ഞ് 2.00 pm. മുതൽ 4.30 pm വരെ റിന്യൂവൽ സെന്ററിൽ നടത്തപ്പെടുന്നു.

7. **XII-ാം ക്ലാസ്സ് അദ്ധ്യാപകരുടെ ട്രെയിനിങ് :** XII-ാം ക്ലാസ്സിലെ അധ്യാപകർക്കുള്ള ട്രെയിനിങ് പ്രോഗ്രാം (പുതിയ ടെക്സ്റ്റ് പരിചയപ്പെടുത്തൽ) **മെയ് 30-ാം തീയതി** ശനിയാഴ്ച 2.00 pm മുതൽ 5.00 pm വരെ നടത്തുന്നു.

8. **വിശ്വാസപരിശീലകരുടെ പ്രാർത്ഥനാദിനം: മെയ് 31-ാം** തീയതി ഫൊറോനകളുടെയോ ഇടവകയുടെയോ സാഹചര്യം കണക്കിലെടുത്ത് ഫൊറോനതലത്തിലോ ഇടവകതലത്തിലോ വിശ്വാസപരിശീലകരുടെ പ്രാർത്ഥനാദിനം ക്രമീകരിക്കാവുന്നതാണ്.

9. **വിശ്വാസപരിശീലനവർഷം ആരംഭം:** 2025 **ജൂൺ 7-ാം** തീയതി ഞായറാഴ്ച ഇടവകതലത്തിലുള്ള വിശ്വാസപരിശീലന ക്ലാസ്സുകളുടെ ആരംഭമാണ്.

10. **സന്മാർഗ്ഗബോധനവർഷം ഉദ്ഘാടനം :** സന്മാർഗ്ഗബോധന ക്ലാസ്സുകൾ നടത്തുന്ന സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരുടെയും ആനിമേറ്റേഴ്സിന്റേയും യോഗവും സന്മാർഗ്ഗബോധന വർഷ ഉദ്ഘാടനവും **ജൂൺ 13** ശനിയാഴ്ച റിന്യൂവൽ സെന്ററിൽ നടത്തപ്പെടുന്നു.

**കാറ്റിക്കീസം വാർത്തകൾ:** വിശ്വാസ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളെ വ്യക്തിപരമായി കേൾക്കുവാനും മാനസിക-ആത്മീയ തലങ്ങളിൽ സഹായിക്കുവാനുമായി കാറ്റക്കീസം ഡിപ്പാർട്ട്മെന്റിന്റെ അഭ്യർത്ഥനപ്രകാരം ചുണങ്ങംവേലിയിലെ Niveditha Institute-ന്റെ നേതൃത്വത്തിൽ Spiritual Mentor എന്ന Basic Training Course ഏപ്രിൽ 10, 11 തീയതികളിൽ നടത്തുകയുണ്ടായി. 39 പേർ Spiritual Mentor കോഴ്സിന്റെ ആദ്യ ബാച്ചിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് സ്വീകരിച്ചു. അതിരൂപതാ വിശ്വാസപരിശീലന ഡയറക്ടർ ഫാ. പോൾ മോറേലി, അസി. ഡയറക്ടർ ഫാ. സച്ചിൻ മാമ്പുഴയ്ക്കൽ, Niveditha Institute- ലെ ഫാ. ജോസ് മണ്ടാനത്ത്, ഫാ. ജോപോൾ കിരിയാന്തൻ എന്നിവരുടെ സാന്നിധ്യത്തിൽ 9-ാം തീയതി രാവിലെ 9.30-ന് പ്രോഗ്രാം ഉദ്ഘാടനം ചെയ്യപ്പെട്ടു. പ്രോഗ്രാമിന്റെ സമാപനദിവസം അഭിവന്ദ്യ തോമസ് ചക്യത്ത് പിതാവ് കോഴ്സിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. Spiritual

Mentor ശുശ്രൂഷയുടെ ദൗത്യത്തേയും രഹസ്യാത്മകതയേയും ദ്യോതിപ്പി ക്കുന്ന പ്രതിജ്ഞയോടെ 10-ാം തീയതി 4.00 മണിക്ക് ട്രെയ്നിങ് പ്രോഗ്രാം അവസാനിച്ചു. അടുത്ത ബാച്ചിന്റെ ട്രെയ്നിങ് പ്രോഗ്രാം മെയ് 29, 30 തീയതി കളിലാണ്.



**പ്രധാനാദ്ധ്യാപക മീറ്റിങ്ങ്**

അതിരൂപതയുടെ മൂന്നു മേഖലകളിലായി പ്രധാനാദ്ധ്യാപകരുടെ സംഗമം നടത്തി. കാറ്റക്കീസം പ്രവർത്തനങ്ങളെ വിലയിരുത്തുകയും അടുത്ത വർഷത്തേക്കുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു. ആദ്യ മീറ്റിങ്ങ് മാർച്ച് 20-ാം തീയതി റിന്യുവൽ സെന്ററിലും, രണ്ടാമത്തെ മീറ്റിങ്ങ് മാർച്ച് 22-ാം തീയതി മുട്ടം ഫൊറോനാ പള്ളിയിലും, മൂന്നാമത്തേത് മാർച്ച് 29-ാം തീയതി ഞായറാഴ്ച അങ്കമാലി സുബോധനയിലും നടത്തി.

**ബിബ്ലിയ ഫെസ്റ്റ് (IBC)**

ഈസ്റ്ററിനുശേഷം അതിരൂപതയുടെ ഇടവകകളിൽ കുട്ടികൾക്കുള്ള ഇന്റൻസീവ് ബൈബിൾ കോഴ്സ് ബിബ്ലിയ ഫെസ്റ്റ് ആഘോഷപൂർവ്വം നടത്തപ്പെടുകയുണ്ടായി. മുപ്പതാമത്തെ ഈ IBC-ക്ക് LP, UP, HS വിഭാഗ ങ്ങൾക്കായി Hope എന്ന വിഷയത്തെ ആസ്പദമാക്കി പ്രത്യേകം ബുക്കുകളും, മൂന്ന് പുതിയ ആക്ഷൻ സോങ്ങുകളും പ്രസിദ്ധീകരിക്കുകയുണ്ടായി. ഫാ. നിഖിൽ പടയാട്ടിയും ഫാ. ജോസ് വടക്കനുമാണ് ആക്ഷൻ സോങ്ങുകൾ രചിച്ചത്.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**